പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 849

28.09.2011-ൽ മറുപടിയ്ക്ക്

## "തിരുമല-തിരുപ്പതി ദേവസ്ഥാനം" - ഇൻഫർമേഷൻ സെന്ററുകൾ

| ചോദ്യം<br>ശ്രീ. പി. എ മാധവൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
|---|---|---|---|
| (എ) | ആന്ധ്രാപ്രദേശിലെ തിരുപ്പതി ക്ഷേത്രദർശനത്തിനായി കേരളത്തിൽ നിന്നും പ്രതിവർഷം ഏകദേശം എത്ര തീർത്ഥാടകർ പോകുന്നുവെന്ന് അറിയിക്കാമോ; | (എ) | വിവരം ലഭ്യമല്ല |
| (ബി) | പ്രസ്തുത തീർത്ഥാടകർക്കായി സംസ്ഥാന സർക്കാരോ ദേവസ്വം ബോർഡോ എന്തെങ്കിലും സൗകര്യങ്ങൾ നൽകുന്നുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും കേരളം ഒഴികെ ദക്ഷിണേന്ത്യയിലെ നിരവധി നഗരങ്ങളിലും തിരുപ്പതി ദർശനത്തിന് പോകുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി "തിരുമല തിരുപ്പതി ദേവസ്ഥാനം" (ടിടിഡി) വക ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ടി.ടി.ഡി-യുടെ സഹകരണത്തോടെ തിരുപ്പതി ദർശനത്തിന് പോകുന്നവർക്ക് പൂജയ്ക്കും താമസത്തിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്ന ഇത്തരം സെന്ററുകൾ ഗുരുവായൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ